PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session (Second Meeting) 1970

Wednesday 11th March, 1970

Vol. XXVI] OFFICIAL REPORT [No. 22

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the clock on Wednesday 11th March 1970 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number with in brackets indicates the number in the list of admitted questions for the Sessions)

ORAL ANSWERS

കള്ളുഷാപ്പു ലേലം

* 159. (590): ശ്രീ. ടി. കെ. കൃഷ്ണൻ:
,, എ. എസ്. എൻ. നമ്പീശൻ:
,, എസ്. മോഹനൻ:
,, പി. ജി. പുരുഷോത്തമൻപിള്ള
,, ഈ. ബാലാനന്ദൻ:
,, എം. കെ. കൃഷ്ണൻ:
,, എ. എസ്. പുരുഷോത്തമൻ:
,, സി. ഗോവിന്ദപ്പണിക്കർ:
,, ടി. കെ. രാമകൃഷ്ണൻ:
,, മുസ്തഫാകൈമാൾ:
,, കെ. ചാത്തുണ്ണി മാസ്റ്റർ: തരൂർ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും കള്ളുഷാപ്പുകളും ഇന്നും ലേലം ചെയ്തു കൊടുക്കാൻ കഴിയാതെയുണ്ടോ;

(ബി.) ഉണ്ടെങ്കിൽ അതിന്റെ കാരണമെന്ത്?

റവന്യൂമന്ത്രി (ശ്രീ. കെ. ടി. ജേക്കബ്): (എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. കെ. ദിവാകരൻ: ഏതു വർഷത്തെ കാര്യത്തെപ്പറ്റിയാണ് ഇതിൽ ചോദിച്ചിരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജേക്കബ്: 1969–70 വർഷത്തേക്കുള്ളത്.

ശ്രീ. ഇ. ബാലാനന്ദൻ: തൃശ്ശൂർ ജില്ലയിലെ പല ഷാപ്പുകളിലും കൺട്രാക്ടർമാർ ഇല്ലാത്ത അവസ്ഥയുണ്ടെന്നു കേൾക്കുന്നത് ശരിയാണോ?

ശ്രീ. കെ. ടി. ജേക്കബ്: കൺട്രാക്ടർമാർ ഉപേക്ഷിച്ചുപോയ സ്ഥലങ്ങളുമുണ്ട്. അവിടെ തൊഴിലാളികളെ നേരിട്ട് ഏറെടുത്തു നടത്തുകയാണ്.

ശ്രീ. എസ്. മാമോദരൻ: ചെത്തുതൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളും കൊടുക്കുന്ന കാര്യത്തിൽ കൺട്രാക്ടർമാർക്ക് എന്തെങ്കിലും സംരക്ഷണം കൊടുത്തുകൊള്ളാമെന്ന് പറഞ്ഞതാണോ ഇക്കൊല്ലത്തെ ഷാപ്പു ലേലം നടത്തിയിട്ടുള്ളതെന്ന് പറയാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. ടി. ജേക്കബ്: അങ്ങനെയുള്ള ഉറപ്പൊന്നും ഗവൺമെൻറു കൊടുത്തിട്ടില്ല. ഷാപ്പു ലേലം കഴിഞ്ഞാൽ ഷാപ്പുടമസ്ഥൻമാർക്കും തൊഴിലാളികൾക്കും ഒരുപോലെ ന്യായമായി ലഭിക്കേണ്ട എല്ലാ സംരക്ഷണവും കൊടുക്കുന്നത് സാധാരണമായ ഒരു നടപടിയാണ്. അതനുസരിച്ച് ഇപ്പോഴും കൊടുക്കുന്നതാണ്. അതിൽ കൂടുതലായി ഒന്നുംതന്നെയില്ല.

ശ്രീ. സി. ഗോവിന്ദപ്പണിക്കർ: മലബാറിലെ ചെത്തുതൊഴിലാളികൾക്ക് തിരുവിതാംകൂർ കൊച്ചിയിലെ ചെത്തു തൊഴിലാളികൾക്ക് ലഭിക്കുന്നതുപോലെയുള്ള ആനുകൂല്യം ലഭിക്കുന്നില്ല. അതുകൊണ്ട് തിരു-കൊച്ചി പ്രദേശത്തുള്ള ചെത്തുതൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യം മലബാറിലുള്ളവർക്കു കൂടി അനുവദിക്കാൻ ആവശ്യമായ നടപടികളെടുക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: തിരു-കൊച്ചി ഭാഗത്തുള്ള ചെത്തുതൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെ അതേപടി മലബാർ ഭാഗത്തുള്ള ചെത്തുതൊഴിലാളികൾക്ക് കിട്ടുന്നില്ലെന്നുള്ളത് ഒരു വസ്തുതയാണ്. ഇക്കാര്യത്തിൽ മലബാറിനെ സംബന്ധിച്ച് പ്രത്യേകമായി ഒരു അന്വേഷണം നടത്താൻ മുൻഗവൺമെൻറ് ഏർപ്പാടു ചെയ്തിട്ടുള്ളതായി കാണുന്നു. ആ ഏർപ്പാടു തുടരാനാണ് ഈ ഗവൺമെൻറ് വിചാരിക്കുന്നത്.

ശ്രീ. ടി. കെ. കൃഷ്ണൻ: കൺട്രാക്ടർമാർ ഷാപ്പുലേലത്തിൽ പങ്കെടുക്കണമെങ്കിൽ തൊഴിലാളികൾ പുതിയതായി യാതൊരു ആവശ്യവും ഉന്നയിക്കാതിരിക്കണമെന്നും, അങ്ങനെ ഉന്നയിക്കുകയാണെങ്കിൽ ഷാപ്പു നടത്തിക്കൊണ്ടുപോകുന്നതിന് എന്തെങ്കിലും സംരക്ഷണം ഗവൺമെൻറിൽ നിന്നും കൊടുക്കണമെന്നും ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടോ? അക്കാര്യത്തെപ്പറ്റി ഷാപ്പു കൺട്രാക്ടർമാർ ഗവൺമെൻറുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: അങ്ങനെയൊരു ചർച്ചയും നടത്തിയിട്ടില്ല. വ്യക്തമായ ചില വ്യവസ്തകൾ ഉണ്ടെങ്കിൽ മാത്രമേ ലേലത്തിൽ കൺട്രാക്ടർമാരിൽ ചിലയാളുകൾ പങ്കെടുക്കുകയുള്ളുവെന്ന് പറഞ്ഞുവെങ്കിലും അതൊന്നുംതന്നെ നടന്നിട്ടില്ല. മുൻകൊല്ലങ്ങളെ അപേക്ഷിച്ച് വളരെ വളരെ കൂടുതൽ തുകയാണ് ഇക്കൊല്ലം ലേലത്തിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. കെ. ദിവാകരൻ: മുൻവർഷങ്ങളിൽ ഷാപ്പുകൾ ലേലം ചെയ്യാതെ നെഗോഷ്യേറ്റു ചെയ്തുകൊടുക്കുന്ന സംപ്രദായം ഉണ്ടായിരുന്നോ? ഉണ്ടെങ്കിൽ ആ സംപ്രദായം ഇപ്പോഴും തുടരുന്നുണ്ടോ?

[ശ്രീ. കെ. ടി. ജേക്കബ്: മുൻകൊല്ലങ്ങളിൽ നടന്നിരുന്ന സംപ്രദായം എന്താണെന്ന് അറിഞ്ഞുകൂടാ. ഏതായാലും ഇക്കൊല്ലം നേഗോഷ്യേറ്റു ചെയ്തുകൊടുക്കുന്ന സംപ്രദായം ഇല്ല.

[ശ്രീ. പി. കെ. രാഘവൻ: കള്ളുഷാപ്പുകൾ നെഗോഷ്യേറ്റു ചെയ്തു കൊടുക്കുന്നത് കൂടുതൽ ആദായകരമാണെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

[ശ്രീ. കെ. ടി. ജേക്കബ്: അങ്ങനെയൊന്നും ആലോചിച്ചിട്ടില്ല. ഒരു പക്ഷേ ലേലത്തിൽ പോകാതെ വരുന്ന ഏതെങ്കിലും ഷാപ്പുകൾ ഉണ്ടെങ്കിൽ നെഗോഷ്യേറ്റു ചെയ്തുകൊടുക്കും. നെഗോഷ്യേഷൻ നല്ലതല്ല, സാദ്ധ്യമല്ല എന്ന് പറയുന്നത് ശരിയായിരിക്കുകയില്ല. പൊതുവേ ലേലമാണ് നിലവിലിരിക്കുന്നത്.

[ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: മുൻഗവൺമെന്റ് കള്ളുഷാപ്പു കണ്ട്രാക്ടർമാർക്ക് തൊഴിലാളികളെ സമരം ചെയ്താൽ അവർക്കെതിരായി എന്തെങ്കിലും സംരക്ഷണം കൊടുക്കാമെന്ന് ഉറപ്പു കൊടുത്തിട്ടുള്ളതായി അറിയാമോ?

[ശ്രീ. കെ. ടി. ജേക്കബ്: അറിഞ്ഞുകൂടാ.

[ശ്രീ. വി. കൃഷ്ണൻനായർ: വിദേശമദ്യഷാപ്പുകളും മുൻപു ലേലം ചെയ്യാതെ ലൈസൻസു കൊടുക്കുന്ന സംപ്രദായമാണുണ്ടായിരുന്നത്. അതിൽ മാറ്റം വരുത്തി ലേലം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഏതെങ്കിലും വിദേശമദ്യഷാപ്പുകൾ ലേലം ചെയ്തു കൊടുത്തിട്ടുണ്ടോ?

[ശ്രീ. കെ. ടി. ജേക്കബ്: വിദേശമദ്യഷാപ്പുകൾ ലൈസൻസി സംപ്രദായത്തിൽനിന്നും വിടുർത്തി ഇപ്പോൾ ലേലം ചെയ്തുകൊടുക്കുന്ന സംപ്രദായം സ്വീകരിച്ചിരിക്കുകയാണ്. ഇവിടെ കിട്ടിയിടത്തോളം കണക്കനുസരിച്ച് നോക്കുകയാണെങ്കിൽ മുമ്പു കിട്ടുമായിരുന്നത് ഏതാണ്ട് അറുപതിനായിരം രൂപയായിരുന്നു. ഇപ്പോൾ ആ സ്ഥാനത്ത് 22 ലക്ഷം രൂപവരെയായിട്ടുണ്ടെന്നു കാണുന്നു. ഇനിയും ലേലം തുടർന്നു നടത്തിക്കൊണ്ടിരിക്കുകയാണ്. പൂർത്തിയായിട്ടില്ല.

[ശ്രീ. കെ. കരുണാകരൻ: 1969–70-ൽ തൃശ്ശൂർ ഡിസ്ട്രിക്ടിലെ ഷാപ്പുടമസ്ഥൻമാർ തങ്ങൾക്ക് ഗവൺമെന്റിൽനിന്നും പരിരക്ഷ നൽകുന്നില്ലെങ്കിൽ ഷാപ്പു നടത്തുകയില്ലെന്ന് പറഞ്ഞ് ഏതെങ്കിലും ഷാപ്പുകൾ നിറുത്തലാക്കിയിട്ടുണ്ടോ?

[ശ്രീ. കെ. ടി. ജേക്കബ്: അങ്ങനെ ഒരു പരാതി ഉന്നയിച്ചിട്ടുണ്ട്. സംരക്ഷണം ലഭിക്കുന്നില്ലെങ്കിൽ ഷാപ്പു നടത്തികൊണ്ടുപോകാൻ സാദ്ധ്യമല്ലെന്നു പറഞ്ഞിട്ടുണ്ട്. തൃശ്ശൂരിൽ മൂന്ന് പേരാണ് ഷാപ്പു നടത്തികൊണ്ടിരുന്നത്. ആ മൂന്നുപേരും പടിപടിയായി ഷാപ്പുകൾ ഉപേക്ഷിച്ചുപോകുകയാണ് ചെയ്തത്.

ശ്രീ. കെ. കരുണാകരൻ: ഉപേക്ഷിച്ചു പോയത് ആരാണ്, അത് ആരെയാണ് ഏൽപിച്ചത്, എന്ത് റേറിനാണ് ഏൽപിച്ചത് എന്നു പറയുവാൻ മന്ത്രിക്കു കഴിയുമോ?

ശ്രീ. കെ. ടി. ജേക്കബ്: അവിടെയുള്ള ചെത്തുതൊഴിലാളി യൂണിയനുകളും തമ്മിൽ സഹകരിച്ച് അവരാണ് ഇപ്പോഴത്തെ ഷാപ്പ് എടുത്തു നടത്തിക്കൊണ്ടിരിക്കുന്നത്. നടത്തിക്കൊണ്ടിരിക്കുന്നതിന്റെ വ്യവസ്ഥ എന്താണെന്ന് ഇപ്പോൾ കൃത്യമായി അറിഞ്ഞുകൂടാ.

ശ്രീ. കെ. കരുണാകരൻ: തൊഴിലാളി യൂണിയനുകളെ ഏൽപിക്കുന്നതിനുമുമ്പും കണ്ട്രാക്ടർമാർ ഉപേക്ഷിച്ചു പോയതിനു ശേഷവും ഉള്ള ഇടക്കാലത്ത് ആ ഷാപ്പുകളെ ആരെയാണ് ഏൽപ്പിച്ചിരുന്നത്? എന്ത് റേറിനാണ് ഏൽപിച്ചിരുന്നത്?

ശ്രീ. കെ. ടി. ജേക്കബ്: ഷാപ്പ് ഉപേക്ഷിച്ചുപോയപ്പോഴും ഒരു കണ്ട്രാക്ടറെയാണ് ചുമതലപ്പെടുത്തിയിരുന്നത്. അതിന്റെ റേറ് എന്താ യിരുന്നുവെന്ന് ഇപ്പോൾ നിശ്ചയമില്ല.

ശ്രീ. വി. ശ്രീധരൻ: മിനിഞ്ഞാന്ന് തിരുവനന്തപുരം താലൂക്കിൽ നടക്കേണ്ട കള്ളുഷാപ്പു ലേലം നടന്നിട്ടില്ലെന്നു ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: ഈ അടുത്ത ദിവസം ഉണ്ടായ സംഭവമായതുകൊണ്ട് അതിനെപ്പറ്റി അറിഞ്ഞിട്ടില്ല. അതുകൊണ്ട് മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: കള്ളിലും റാക്കിലും ഉള്ള ചാരായത്തിന്റെ content എത്രയാണെന്നു പറയാമോ?

ശ്രീ. കെ. ടി. ജേക്കബ്: എത്രയാണെന്ന് നിശ്ചയമില്ല.

ശ്രീ. പി. കുഞ്ഞൻ: തൃശ്ശൂരും തലപ്പിള്ളിയിലുമെല്ലാം തന്നെ കൃത്രിമച്ചാരായം കൂടുതലായിട്ടു വിൽക്കുന്നതുകൊണ്ടും കിസ്തുകൂട്ടിയതുകൊണ്ടും മറ്റു കാലാവസ്ഥകൊണ്ടും കിസ്ത് ഇളവു ചെയ്തു കൊടുക്കണമെന്ന് ഷാപ്പുടമസ്ഥൻമാർ ആവശ്യപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അക്കാര്യത്തെപ്പറ്റി ഗവൺമെന്റിൽനിന്നും പരിഗണിച്ചിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: അതിനെസംബന്ധിച്ച് ആലോചിക്കുകയോ നടപടി എടുക്കുകയോ ചെയ്തിട്ടില്ല. അവിടെയെല്ലാം വ്യാജവാറ്റു വർദ്ധമാനമായ തോതിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നറിയാം. അതു തടയുന്നതിനു കേസുകളും ചാർജ്ജുചെയ്താൽ തന്നെ കോടതിയിൽ ചെല്ലുമ്പോൾ വളരെ ചെറിയ ഒരു തുകമാത്രമേ ശിക്ഷിക്കുകയുള്ളു. അതുകൊണ്ട് അത് ഫലപ്രദമായി തടയാൻ ഒരു മാർഗ്ഗമായി കാണുന്നതു മില്ല. എങ്കിലും അതിനു പരിഹാരം കാണാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. അലക്സാണ്ടർ പറമ്പിത്താ: നടന്നിടത്തോളം ലേലങ്ങളിൽ നിന്നും കഴിഞ്ഞ കൊല്ലത്തെ അപേക്ഷിച്ച് ഇക്കൊല്ലം എത്ര ലക്ഷം രൂപ കൂടുതൽ കിട്ടിയെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജേക്കബ്: കൃത്യമായുള്ള കണക്ക് ഇപ്പോഴും എന്റെ കൈവശമില്ല. ഏതാണ്ട് ടോട്ടലിൽ 25 ശതമാനം കൂടുതലുണ്ടാകുമെന്നാണ് മനസ്സിലാക്കുന്നത്.

ശ്രീ. ആർ. കൃഷ്ണൻ (തൃത്തൂർ): മലബാറിലും തിരുവിതാംകൂറിലുമുള്ള കണ്ട്രാക്ടർമാർക്ക് നൽകുന്ന ആനുകൂല്യങ്ങളിൽ വ്യത്യാസമുണ്ടെന്നു പറഞ്ഞു. അതിന് എന്താണ് കാരണം?

ശ്രീ. കെ. ടി. ജേക്കബ്: കണ്ട്രാക്ടർമാരുടെ ആനുകൂല്യത്തിലുള്ള വ്യത്യാസമല്ല ഞാൻ ഇവിടെ പറഞ്ഞത്. തൊഴിലാളികളുടെ വേതനത്തെ സംബന്ധിച്ചിടത്തോളം കുറേ വ്യത്യാസമുണ്ട്. അവിടെ കുറച്ചു കുറവാണ്. അവിടത്തെ തൊഴിലാളികളുടെ വേതനത്തെ സംബന്ധിച്ച് യൂണിയൻ മനസിലാക്കേണ്ട ഒരു പ്രശ്നം എന്താണെന്നു വച്ചാൽ ഇനിയും വേതന നിരക്ക് അവിടെ വർദ്ധിപ്പിച്ചാൽ, പണ്ടേ ദുർബലമായ അതിൻകൂടെ ഗർഭിണി എന്നു പറഞ്ഞതുപോലെയാകും മലബാറിൽ ഈ വ്യവസായത്തിന്റെ സ്ഥിതി.

ശ്രീ. എം. രാമുണ്ണി: അസംബ്ലിയുടെ പരിസരത്ത് ഒരു നീരാഷ്പാട്ട് തുറക്കുമെന്നു പറഞ്ഞിട്ടുണ്ടായിരുന്നു. അത് എന്തായി.

ശ്രീ. കെ. ടി. ജേക്കബ്: അങ്ങനെ ആവശ്യമാണെന്ന് ബഹുമാനപ്പെട്ട മെമ്പറൻമാർ ആവശ്യപ്പെടുകയാണെങ്കിൽ അതേപ്പറ്റി ആലോചിക്കാം.

മി. സ്പീക്കർ: അത് എന്റെ അനുവാദമില്ലാതെ സാദ്ധ്യമല്ല. ഞാൻ അതിന് അനുവദിക്കുകയില്ല.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ: വൃക്ഷങ്ങൾ മുറിക്കുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്കു വിട്ടുകൊടുക്കണമെന്ന് കഴിഞ്ഞ സെഷനിൽ സംസാരിച്ചതായി ഞാൻ ഓർക്കുകയാണ്. അതുകൊണ്ട് വൃക്ഷങ്ങൾ മുറിക്കുന്നതിനുള്ള ലൈസൻസ് കൊടുക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: ആ പ്രൊപ്പോസലിനെപ്പറ്റി ഡിപ്പാർട്ടുമെന്റു കൂലങ്കഷമായി ആലോചിച്ചു അതു നടപ്പാക്കുന്നതിന് പല തടസ്സങ്ങളും ഉള്ളതായി ഡിപ്പാർട്ടുമെന്റ് ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. അതുകൊണ്ട് അത് തൽക്കാലം പരീക്ഷിക്കേണ്ടാ എന്നു വച്ചിരിക്കുകയാണ്.

ശ്രീ. വി. വി. കുഞ്ഞാമ്പു: ലേലംചെയ്തു കൊടുക്കാൻ സാധിക്കാതിരിക്കുന്ന ബാക്കി ഷാപ്പുകൾ ചെത്തുതൊഴിലാളി യൂണിയനുകളെ ഏൽപ്പിച്ചുകൊടുക്കാൻ നടപടിയെടുക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: തീർച്ചയായും അങ്ങനെ ഷാപ്പുകൾ നടത്താൻ ചെത്തുതൊഴിലാളി യൂണിയൻ തയ്യാറാണെന്ന് അറിയിച്ചാൽ അങ്ങനെയുള്ള സ്ഥലങ്ങളിൽ ഷാപ്പുകൾ അവർക്ക് ഏൽപ്പിച്ചുകൊടുക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കാം.

ശ്രീ. കെ. ടി. ജോർജ്: ലേലത്തുകയിൽ 25 ശതമാനം വർദ്ധനവുണ്ടായി എന്നു പറഞ്ഞു. ഈ വർഷം ഇങ്ങനെ വർദ്ധനവുണ്ടാക്കുന്നതിനുള്ള പ്രത്യേക സാഹചര്യം എന്താണെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജേക്കബ്: ഒന്ന്, നിയമസമാധാനം പാലിക്കുന്ന കാര്യത്തിൽ വന്ന മാറ്റം; പിന്നെ ഈ ഗവൺമെൻറ് വളരെ സ്ട്രിക്റ്റായിരുന്നു ഈ കാര്യത്തിൽ. അതുകൂടാതെ മാക്സിമം റവന്യൂ വർദ്ധിപ്പിക്കണമെന്നുള്ള ഈ ഗവൺമെൻറിൻെറ അത്യുൽകടമായ താൽപ്പര്യം: ഇതായിരുന്നു കാരണം.

ശ്രീമതി. കെ. ആർ. ഗൗരി: ഈ കൊല്ലം വടക്കാഞ്ചേരി റേഞ്ചിലെ ഷാപ്പുകളും തൃശ്ശൂർ റേഞ്ചിലെ ഷാപ്പുകളും ലേലം ചെയ്തുകൊടുക്കുകയുണ്ടായോ? ലേലം ചെയ്തു കൊടുത്തവരുടെ കൈവശമാണോ അവിടത്തെ ഷാപ്പുകൾ ഇപ്പോഴും ഇരിക്കുന്നത്?

ശ്രീ. കെ. ടി. ജേക്കബ്: അതൊക്കെ ഞാൻ നേരത്തെ പറഞ്ഞു കഴിഞ്ഞു.

ശ്രീമതി. കെ. ആർ. ഗൗരി: വടക്കാഞ്ചേരി റേഞ്ചിലെ ഷാപ്പുകൾ ലേലംചെയ്തു കൊടുക്കാതെ മാനേജുമെൻറിൻെറ കയ്യിലിരിക്കുകയും, അതുപോലെതന്നെ തൃശ്ശൂർ റേഞ്ചിലേയും അന്തിക്കാട് റേഞ്ചിലേയും ഷാപ്പുകൾ ചെത്തുതൊഴിലാളികൾക്ക് ലേലംചെയ്യാതെ നെഗോഷിയേറ് ചെയ്തു കൊടുക്കുകയുമാണ് ചെയ്തിട്ടുള്ളതെന്നത് ശരിയാണോ?

ശ്രീ. കെ. ടി. ജേക്കബ്: ഈ കാര്യങ്ങൾക്കൊക്കെ ഇതിനുമുൻപ് വിശദമായി മറുപടി പറഞ്ഞതാണ്. അപ്പോൾ ബഹുമാനപ്പെട്ട ഗൗരിയമ്മ ഇവിടെയില്ലായിരുന്നു. പിന്നെ ബഹുമാനപ്പെട്ട ഗൗരിയമ്മ ചോദിക്കുന്നതു കൊണ്ട് ഇനിയും വേണമെങ്കിൽ, ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കുകയാണെങ്കിൽ മറുപടി പറയാം.

മി. സ്പീക്കർ: പറയണം.

ശ്രീ. കെ. ടി. ജേക്കബ്: ഈ പറഞ്ഞ സ്ഥലത്തുള്ള ഷാപ്പുകൾ നേരത്തെ എറെറടുത്തിരുന്ന കണ്ട്രാക്ടർമാർ ഇട്ടേച്ചുപോയി. അവർക്ക് നടത്താൻ സാദ്ധ്യമല്ലെന്നു പറഞ്ഞു. പിന്നെ എങ്ങനെയെങ്കിലും നടത്തണമെന്നു വിചാരിച്ച് ചില അഡ്ജസ്റ്റുമെൻറുകൾ ചെയ്തു. അതും പരാജയപ്പെട്ടു. അതിനെതുടർന്ന് തൃശ്ശൂർ ഡിസ്ട്രിക്ടിലെ എല്ലാ ട്രേഡ് യൂണിയനുകളും, രണ്ടു കമ്മ്യൂണിസ്റ്റുപാർട്ടികളുടെ നേതൃത്വത്തിലുള്ള ട്രേഡ് യൂണിയനുകളും, ഐ. എൻ. ടി. യു. സി. അതുപോലുള്ള ട്രേഡ് യൂണിയനുകളും ഏകോപിച്ച് ഇപ്പോൾ അതു നടത്തിക്കൊണ്ടിരിക്കുകയാണ്. ഒരു തരത്തിൽ നടക്കുന്നു എന്നേയുള്ളൂ. ഇഴഞ്ഞുവലിഞ്ഞു വളരെ പ്രയാസപ്പെട്ടു നടത്തിക്കൊണ്ടിരിക്കുകയാണ്. തൊഴിലാളികൾക്ക് ശരിയായ വിധത്തിലുള്ള ആനുകൂല്യങ്ങൾ കൊടുക്കാൻപോലും സാദ്ധ്യമല്ലാത്ത വിധത്തിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. അവർ അത്രയും ചെയ്യുന്ന കാര്യത്തിൽ അവരെ സംബന്ധിച്ച് ഗവൺമെൻറിന് മതിപ്പേയുള്ളൂ.

ശ്രീ. കെ. എം. മാണി: 25 ശതമാനം വർദ്ധനവ് ഈ വർഷമുണ്ടായി എന്നു പറഞ്ഞു. കഴിഞ്ഞ വർഷം റേഞ്ചടിസ്ഥാനത്തിൽ കുത്തകയായി ലേലംചെയ്തുകൊടുത്തതുകൊണ്ടല്ലേ തുക കുറഞ്ഞുപോയത്?

ശ്രീ. കെ. ടി. ജേക്കബ്: എന്നു കരുതുന്നില്ല. അതിൻെറ ഗുണദോഷങ്ങളെപ്പറ്റി ഒരു പരിശോധന നടത്തിയതിനുശേഷമേ എന്തെങ്കിലും പറയാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കൃഷ്ണൻ: കള്ളുഷാപ്പു ലേലത്തിൽ പിടിച്ചവരിൽനിന്ന് എത്ര ലക്ഷം രൂപ പിരിക്കാൻ ബാക്കിയുണ്ട്?

ശ്രീ. കെ. ടി. ജേക്കബ്: വലിയൊരു സംഖ്യ [illegible] പിരിഞ്ഞുകിട്ടേണ്ടതായിട്ടുണ്ട്. 1968–69-ലെ കുടിശ്ശികയാണ് ഏറ്റവും കൂടുതൽ കിട്ടാനുള്ളത്. ഈ വർഷം പൊതുവേ പറഞ്ഞാൽ വളരെ ബുദ്ധിമുട്ടായ ഒരു വർഷമായിരുന്നു കൺട്രാക്ടർമാരെ സംബന്ധിച്ചിടത്തോളമെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതേസംബന്ധിച്ച് ഉൾപ്പെടുത്തേണ്ടതായ നടപടികളെടുത്തുവരികയാണ്. എത്ര ലക്ഷം രൂപാ പിരിഞ്ഞു കിട്ടാനുണ്ടെന്ന് കൃത്യമായി പറയാൻ ഇപ്പോഴും കഴിയുകയില്ലെങ്കിലും വലിയൊരു തുകയുണ്ട്.

ശ്രീമതി. കെ. ആർ. ഗൗരി: ഈ കൊല്ലത്തെ ഷാപ്പുലേലത്തിൽ 25 ശതമാനം കൂടി എന്നു പറഞ്ഞു. അതിന് എല്ലാ ഷാപ്പുകളുടെയും ലേലം തീർന്നുകഴിഞ്ഞോ?

ശ്രീ. കെ. ടി. ജേക്കബ്: നടന്നിടത്തോളമുള്ള കാര്യമാണ് പറഞ്ഞത്.

ശ്രീ. എ. പി. കുര്യൻ: കഴിഞ്ഞ രണ്ടുമൂന്നു വർഷമായി നമ്മുടെ മദ്യവ്യവസായത്തിൽ കൃത്രിമകള്ളിന്റെ വിൽപ്പന വളരെ അധികമായിരിക്കുന്നു എന്നു മദ്യപിക്കുന്ന ആളുകളിൽനിന്നു പരാതികൾ ഉണ്ടായിരിക്കുന്നു. ഈ വർഷമെങ്കിലും, ഈ കാര്യത്തിൽ വളരെയെറെ സാമർത്ഥ്യമുണ്ടെന്നു് അറിയപ്പെടുന്ന, അനുഭവപ്പെടുന്ന മന്ത്രിക്ക് ഇത് കുറേ സമർത്ഥമായി നടത്താൻ കഴിയുമോ?

മി. സ്പീക്കർ: അങ്ങനെയൊന്നും സംസാരിക്കരുത്.

ശ്രീ. എ. പി. കുര്യൻ: എന്തെങ്കിലും ദുഃസൂചനയുണ്ടെങ്കിൽ അതു പിൻവലിക്കാൻ ഞാൻ തയ്യാറാണ്. മദ്യവ്യവസായരംഗത്ത് കൃത്രിമ കള്ള് ധാരാളം ഉപയോഗിക്കുന്നു എന്നുള്ള പരാതി ഈ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയെ സംബന്ധിച്ചിടത്തോളം അദ്ദേഹം സമർത്ഥനാണ്, പട്ടയത്തിന്റെ കാര്യത്തിലും അതുപോലുള്ള മറ്റു കാര്യങ്ങളിലും. ആ പരിതസ്ഥിതി മനസിലാക്കിക്കൊണ്ടാണ് ഞാൻ ഈ ചോദ്യം ചോദിച്ചത്. അതുകൊണ്ട് ഈ വർഷമെങ്കിലും കൃത്രിമ കള്ളു തടയാൻ കഴിയുമോ എന്നുള്ളതാണ് എന്റെ ചോദ്യം. മറിച്ച് എന്തെങ്കിലും ദുഃസൂചനയുണ്ടെങ്കിൽ ഞാൻ അതു പിൻവലിക്കുന്നു.

ശ്രീ. കെ. ടി. ജേക്കബ്: കൃത്രിമ കള്ള് ഈ രാജ്യത്ത് ഉണ്ടാക്കുന്നതായി ധാരാളം പരാതികളുണ്ടായിട്ടുണ്ട്. ബ്ലൂനോഴ്സിനെ കൊണ്ടുവന്നിട്ട് ആയിരം രൂപാവരെ ശമ്പളംകൊടുത്ത് നിയമിച്ചിട്ടുണ്ട്. ഈ അടുത്ത കാലത്ത് അതൊക്കെ നിന്നുപോയിട്ടുണ്ടെന്നാണ് അന്വേഷണത്തിൽ മനസിലായി. ഇപ്പോഴും കള്ള് ഇഷ്ടംപോലെ കിട്ടുന്നുണ്ട്. അതുകൊണ്ട് ഇപ്പോഴും അവരൊക്കെ അതിൽനിന്നും പിൻമാറിയതായി വിവരം കിട്ടിയിട്ടുണ്ട്.

ശ്രീ. എം. കെ. ദിവാകരൻ: കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൂഞ്ഞാറിൽ സംഭവിച്ചത്മാതിരി ഗവൺമെന്റു പെത്തുതൊഴിലാളികൾക്കെതിരായി മുതലാളിമാർക്ക് സംരക്ഷണം കൊടുക്കുന്ന ഒരു നയം സ്വീകരിക്കുകയില്ലെന്ന് ഉറപ്പുതരാമോ?

ശ്രീ. കെ. ടി. ജേക്കബ്: തീർച്ചയായും തൊഴിലാളികൾക്കെതിരായി ഒരേയും ഒന്നും ചെയ്യാൻ അനുവദിക്കുകയില്ല. ചെത്തുതൊഴിലാളികൾക്കെതിരായിട്ടല്ല, അർക്കെതിരായിട്ടാണെങ്കിലും അത് ചെയ്യാൻ അനുവദിക്കുകയില്ല.

ശ്രീ. പി. കുഞ്ഞൻ: പ്രഖ്യാപിച്ചിട്ടുള്ള മന്ത്രി തൃശ്ശൂർ ജില്ലയിലാണ് ലേലം വിളിച്ചു കൊടുക്കാൻ സാധിക്കാത്തതെന്നു പറഞ്ഞു. അതിനു പ്രധാനമായി പറയുന്നത് തൊഴിലാളികൾക്ക് ആവശ്യമുള്ള കൂലി കൊടുക്കാൻ സാധിക്കാത്തതുകൊണ്ടാണെന്നാണ്. ഈ അവസരത്തിൽ 1969–70–ൽ ഏറ്റവും കൂടുതൽ കിസ്തടയ്ക്കാൻ ബാക്കിയുള്ളത് വടക്കാഞ്ചേരി, തൃശ്ശൂർ ജില്ലകളിലാണ്. ഇത്തരം കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് പാവപ്പെട്ട ഷാപ്പു ടമകൾക്ക് ഇതിൽ എന്തെങ്കിലും ഇളവു ചെയ്തുകൊടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. ടി. ജേക്കബ്: ഇളവു ചെയ്തുകൊടുക്കുന്ന പ്രശ്നമൊന്നുമില്ല. അത് അടയ്ക്കാൻ അൽപ്പം സാവകാശം കൊടുത്തിട്ടുണ്ടെന്നുള്ളതിൽക്കവിഞ്ഞ് കൂടുതലായി ആനുകൂല്യങ്ങളൊന്നും ചെയ്യാൻ നിവൃത്തിയില്ല. ഒരാളുടെ മാത്രം പ്രശ്നമല്ല. പൊതുവായ പ്രശ്നമാണ്. ഒരു പ്രത്യേക വർഷത്തെ പ്രശ്നമെന്നുള്ള നിലയിൽ അവരോട് അനുഭാവപൂർവ്വം ഗവൺമെന്റു പെരുമാറിയിട്ടുണ്ട്. 15 ദിവസത്തെ കിസ്ത് ഇളവുചെയ്യാൻ ഗവൺമെന്റു തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. എ. എം. തോമസ്: സർക്കാർവക കള്ളുഷാപ്പുകൾ തുടങ്ങുന്നതിന് ആലോചന ഉണ്ടായിരുന്നതായി നേരത്തെകേട്ടു. ഇപ്പോഴും അതിനെപ്പറ്റി ആലോചനയുണ്ടോ; അതു നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: സർക്കാർ നേരിട്ടു ഷാപ്പുകൾ നടത്താൻ ഉദ്ദേശമില്ല. പക്ഷേ അതേസമയത്തു റോഡ് പാർലർ എന്നുള്ളതരത്തിൽ കോഴിക്കോട്ടും, എറണാകുളത്തും, തിരുവനന്തപുരത്തും ആധുനിക സജ്ജീകരണങ്ങളോടുകൂടി എയർകണ്ടീഷൻ രൂപകം, മറ്റാധുനികസജ്ജീകരണങ്ങളും എല്ലാമുള്ള ഒരു റോഡ് പാർലർ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഞാൻ പത്രത്തിൽ വായിച്ചതാണ് എറണാകുളം റോഡ് പാർലർ ഒന്നരലക്ഷം രൂപയ്ക്കു വിളികേട്ടിരിക്കുന്നു എന്ന് ടൂറിസ്റ്റുകൾക്കും ഇവിടെ അത്യാവശ്യം വേണ്ടവർക്കും വേണ്ടസൗകര്യം കൊടുക്കുന്നതിനുള്ള സൗകര്യം ഗവൺമെന്റു തയ്യാറാക്കിയിട്ടുണ്ട്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: എ–ക്ക് ഉത്തരമായി ഷാപ്പു ലേലം ചെയ്തു കൊടുക്കാതെ ഇല്ലെന്നു മറുപടി പറഞ്ഞു. അതേസമയം തൃശ്ശൂർ അന്തിക്കാട്, വടക്കാഞ്ചേരി എന്നീ സ്ഥലങ്ങളിൽ ചില തൊഴിലാളി യൂണിയനുകാർക്ക് കള്ളുഷാപ്പുകൾ നെഗോഷിയേറു ചെയ്തു കൊടുത്തതായി അറിയാൻകഴിഞ്ഞു. ഇതിൽ ഏതാണ് ശരിയെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. ടി. ജേക്കബ്: ഈ ചോദ്യം കഴിഞ്ഞ വർഷം ആദ്യം കൊടുത്ത ലേലത്തെ സംബന്ധിച്ചും ഓക്ഷൻ കൊടുത്തതിനെസംബന്ധിച്ചുമാണ്. നെഗോഷ്യേറു ചെയ്തു കൊടുത്തു എന്നു പറയുന്നത് ഈ അടുത്ത അവസരത്തിൽ ഉണ്ടായ കാര്യമാണ്. അതിനെയുള്ള കാര്യത്തെ സംബന്ധിച്ചല്ല.

LIBRARY ARCHIVES Kerala Legislative Assembly